"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

പൊതു വിദ്യാഭ്യാസ വകുപ്പ് - 16/10/2007 ൽ തിരുവനന്തപുരം നെടുമങ്ങാട് ഗവ എൽ.പി സ്കൂളിന്റെ ചുറ്റമതിൽ ഇടിഞ്ഞുവീണ് പരിക്കേറ്റ ശ്രീ.സലീം എന്ന വ്യക്തിയ്ക്ക് നഷ്ടപരിഹാര തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതു വിദ്യാഭ്യാസ (എം ) വകുപ്പ്

സ.ഉ.(സാധാ) നം.4900/2022/GEDN തീയതി,തിരുവനന്തപുരം, 17-08-2022

---

പരാമർശം:- 1. ബഹു.നെടുമങ്ങാട് സബ് കോടതിയുടെ OS.No.233/2009 മേലുള്ള 12/04/2019 തീയതിയിലെ വിധിന്യായം.

2. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 19/07/2022 ലെ W2/15802/2014/DGEനമ്പർ കത്ത്.

<u>ഉത്തരവ്</u>

16/10/2007 ൽ തിരുവനന്തപുരംനെടുമങ്ങാട് ഗവ .എൽ .പി .സ്കൂളിന്റെ ചുറ്റമതിൽ പ്രകൃതിക്ഷോഭത്തിൽ തകർന്നുണ്ടായ അപകടത്തിൽ പരിക്കേറ്റ ശ്രീ.സലീം ബഹു.നെടുമങ്ങാട് സബ് കോടതിയിൽ ഫയൽ ചെയ്തിരുന്ന OS.No.233/09 മേലുള്ള ബഹു .കോടതിയുടെ പരാമർശം (1) വിധി ന്യായത്തിൽ 4 ാം എതിർകക്ഷിയായ പൊതു വിദ്യാഭ്യാസ ഡയറക്ടറോ 5 ാം എതിർകക്ഷിയായ ടി എൽ. പി .സ്കൂൾ ഹെഡ് മാസ്റ്ററോ ടി രണ്ട് കക്ഷികളും കൂട്ടായോ 75,000/- രൂപ 12 % പലിശ സഹിതം നഷ്ടപരിഹാരമായി 25.10.2013 തീയതി പ്രാബല്യത്തിൽ പരാതിക്കാരന് അനുവദിക്കണമെന്നും ആയത് അനുവദിച്ചിട്ടുണ്ടോയെന്ന കാര്യം 1 മുതൽ 3 വരെയുള്ള എതിർകക്ഷികൾ യഥാക്രമം ചീഫ് സെക്രട്ടറി ,ജില്ലാ കളക്ടർ തിരുവനന്തപുരം ,തഹസിൽദാർ,നെടുമങ്ങാട് ഉറപ്പാക്കണമെന്നും ബഹു.കോടതി നിർദ്ദേശിച്ചിട്ടുണ്ടെന്നും എന്നാൽ ടി നഷ്ടപരിഹാരത്തുക നാളിതുവരെ ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ പരാതിക്കാരൻ ബഹു.നെടുമങ്ങാട് സബ് കോടതി മുമ്പാകെ എക്സിക്യൂഷൻ പെറ്റിഷൻ ,EP1/2022 , ഫയൽ ചെയ്തിട്ടുണ്ടെന്നും ആയതിനാൽ കോടതി അലക്ഷ്യം ഒഴിവാക്കുന്നതിനായി ടി നഷ്ടപരിഹാര തുക അനുവദിക്കണമെന്നും പൊതു വിദ്യാഭ്യാസ ഡയറക്ടർ പരാമർശം 2 പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു.ആയതിന്റെ അടിസ്ഥാനത്തിൽ 16/10/2007 ൽ തിരുവനന്തപുരം നെടുമങ്ങാട് ഗവ .എൽ .പി .സ്കൂളിന്റെ ചുറ്റമതിൽ പ്രകൃതിക്ഷോഭത്തിൽ തകർന്നുണ്ടായ അപകടത്തെ തുടർന്ന് പരിക്കേറ്റ ശ്രീ.സലീം (S/O Asanarupillai,aged 50, Rodarikathu Veedu,Nettayil,Nedumangad) എന്നയാൾക്ക് പരാമർശം 1 പ്രകാരമുള്ള വിധിന്യായപ്രകാരം അനുവദിക്കണമെന്ന് നിർദ്ദേശിച്ചിട്ടുള്ള നഷ്ടപരിഹാരത്തുകയായ 75000 രൂപ (എഴുപത്തയ്യായിരം രൂപ മാത്രം ) 12 % പലിശ സഹിതം

സ.ഉ.(സാധാ) നം.4900/2022/GEDN

25/10/2013 തീയതി പ്രാബല്യത്തിൽ ''2202-02-001-99-34-3-NP-Charged'' എന്ന കണക്ക് ശീർഷകത്തിൽനിന്നും അനുവദിച്ച് ഉത്തരവാകുന്നു.

3) ബഹു .നെടുമങ്ങാട് സബ് കോടതിയുടെ പരാമർശം 1 പ്രകാരമുള്ള OS.No.233/ 2009 ന്മേലുള്ള വിധിന്യായം മേൽപ്രകാരം പാലിച്ചിരിക്കുന്നു

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
G S SAGINA
അണ്ടർ സെക്രട്ടറി

1.പൊതു വിദ്യാഭ്യാസ ഡയറക്ടർ ,തിരുവനന്തപുരം.
2.ജില്ലാ കളക്ടർ ,തിരുവനന്തപുരം.
3.അഡിഷണൽ ഗവൺമെന്റ് പ്ലീഡർ ,
നെടുമങ്ങാട് .തിരുവനന്തപുരം.
4.ശ്രീ.സലിം (S/O Asanarupillai)
റോഡരികത്തു വീട് ,നെട്ടയിൽ ,നെടുമങ്ങാട്,തിരുവനന്തപുരം .
5.അക്കൗണ്ടന്റ് ജനറൽ (എ &ഇ) കേരളം,തിരുവനന്തപുരം .
6.പ്രധാന അധ്യാപകൻ , നെടുമങ്ങാട് ഗവ .എൽ .പി .എസ്
തിരുവനന്തപുരം.
7.എക്സിക്യൂട്ടീവ് ഓഫീസർ ,കൈറ്റ് ,തിരുവനന്തപുരം
(പൊതു വിദ്യാഭ്യാസ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
8.വിവര പൊതു ജന സമ്പർക്ക (വെബ് &ന്യൂ മീഡിയ )വകുപ്പ്
9.സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
**Signed by Namitha T**
**Date: 19-08-2022 10:53:15**
സെക്ഷൻ ഓഫീസർ

പകർപ്പ്.
1.ബഹു .പൊതു വിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
2.പൊതു വിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി .എ യ്ക്ക്
3.പൊതു വിദ്യാഭ്യാസ വകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ സി എ യ്ക്ക്.